**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1999** **14-10-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ ഡാറ്റ ചോർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യൂ കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി.യിലെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട് ഒരു ഐ.ടി. ഓഡിറ്റ് നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഐ.ടി. ഓഡിറ്റ് നടത്തിയതെന്നും എന്നാണ് നടത്തിയതെന്നും വ്യക്തമാക്കുമോ; | (എ) | IT systems implemented സംബന്ധമായ വിവരങ്ങൾ എ ജി ഓഡിറ്റിന് കൈമാറിയിട്ടുണ്ട്. OIOS Platform-ൽ single utility programme (tool kit) എന്ന സംവിധാനം ഏർപ്പെടുത്തി Internal security Audit നടത്തണമെന്ന സി.എ.ജി നിർദ്ദേശത്തിൽ ആവശ്യമായ വിവരങ്ങളും കൈമാറിയിട്ടുണ്ട്.<br><br>പി.എസ്.സി ഓഫീസിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ് വെയറുകളുടെ ഐ.ടി. ഓഡിറ്റ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1. e-office-നിയന്ത്രണവും ഓഡിറ്റും നടത്തുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ National Informatics center (NIC) ആണ്.<br><br>2. Thulsi Software- ഓഡിറ്റ് നടത്തുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ STQC-(Standardization Testing and Quality Certification) ആണ്.<br><br>3. KPSC Exam Management Software (EMS)-Web & Android version ന്റെ ഓഡിറ്റ് STQC പുരോഗമിക്കുന്നു.<br><br>4. Thulsi Software-ന്റെ ഭാഗമായ Aadhaar Based Biometric Authentication Software-ന്റെ ഓഡിറ്റ് കേന്ദ്രസർക്കാർ സ്ഥാപനമായ C- DAC ആണ് നടത്തിയത്.<br><br>മേൽ ഓഡിറ്റുകൾ എല്ലാ വർഷവും നടത്തിവരുന്നു. |
| (ബി) | സർക്കാർ പണം വിനിയോഗിച്ച് കമ്പ്യൂട്ടർവൽക്കരണം നടത്തുന്ന എല്ലാ സ്ഥാപനങ്ങളിലും ഐ.ടി. ഓഡിറ്റ് നടത്തണമെന്ന് ചട്ടമുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ ഇത് | (ബി) | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വകുപ്പിൽ നിന്ന് 01.10.2015 തീയതിയിലെ സ.ഉ (എം.എസ്) നം.43/2015/ഐടിഡി പ്രകാരം സെക്യൂരിറ്റി ഓഡിറ്റിംഗ് ഗൈഡ് ലൈൻ സംബന്ധിച്ചും |

| | | | |
|---|---|---|---|
| | സംബന്ധിച്ച സർക്കാർ ഉത്തരവ്, ചട്ടം എന്നിവയുടെ വിശദാംശം നൽകാമോ; | | 21.12.2021 തീയതിയിലെ സ.ഉ(എം.എസ്) നം.44/2021/ ഐടിഡി പ്രകാരം സെക്യൂരിറ്റി ഓഡിറ്റിംഗ് ഏജൻസികളുടെ ഗൈഡ് ലൈൻസ് സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | അടുത്തിടെ പത്രമാധ്യമങ്ങളിലൂടെ പി.എസ്.സി.യുടെ സെർവറിൽനിന്നും ഉദ്യോഗാർത്ഥികളുടെ വ്യക്തി വിവരങ്ങൾ അടങ്ങിയ ഡാറ്റ ചോരുകയും ആയത് ഡാർക്ക് വെബ്സൈറ്റുകളിൽ ലഭ്യമാണെന്നുള്ള വാർത്ത പുറത്തുവന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഉദ്യോഗാർത്ഥികളുടെ വ്യക്തി വിവരങ്ങളാണ് ചോർന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പി.എസ്.സി യുടെ സെർവറിൽ നിന്നും ഉദ്യോഗാർത്ഥികളുടെ വ്യക്തി വിവരങ്ങൾ അടങ്ങിയ ഡാറ്റ ചോർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത ഡാറ്റ ചോർച്ച സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും ഇത്തരം ഡാറ്റ ചോർച്ച തടയുവാൻ എന്തൊക്കെ നടപടികളാണ് പി.എസ്.സി. സ്വീകരിച്ചിട്ടുള്ളതെന്നും എന്നറിയിക്കാമോ; | (ഡി) | പി.എസ്.സി യുടെ സെർവറിൽ നിന്നും ഉദ്യോഗാർത്ഥികളുടെ വ്യക്തി വിവരങ്ങൾ അടങ്ങിയ ഡാറ്റ ചോർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പി.എസ്.സി.യുടെ വെബ്സൈറ്റ്, സെർവർ, സോഫ്റ്റ്‌വെയറുകൾ എന്നിവയുമായി ബന്ധപ്പെട്ട സൈബർ സെക്യൂരിറ്റി ഓഡിറ്റ് ഇതുവരെ നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ സൈബർ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയ ഏജൻസി ഏതാണ് എന്നും എന്നാണ് നടത്തിയത് എന്നും വ്യക്തമാക്കുമോ ; | (ഇ) | കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഡേറ്റ സെന്ററിൽ പി.എസ്.സി യുടെ സെർവറിൽ ഡേറ്റ സുരക്ഷിതമാണ്. സെർവറിലേക്കുള്ള അക്സസ്സ് പാസ്സ്‌വേർഡ്, ഐ പി സെക്യൂരിറ്റി തുടങ്ങിയവയിൽ അധിഷ്ഠിതമായി നിയന്ത്രിച്ചിട്ടുണ്ട്. പ്രൊഫൈൽ വഴി ഉദ്യോഗാർത്ഥി ലോഗിൻ ചെയ്യുമ്പോൾ ഇരട്ട സുരക്ഷ മാർഗം (2 Factor Authentication) സ്വീകരിച്ചിട്ടുണ്ട്. One Time Password (OTP) സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സൈബർ സെക്യൂരിറ്റിയുടെ ചുമതലയുള്ള Standardization Testing and Quality Certification (STQC) വഴി സോഫ്റ്റ് വെയറുകൾ സെക്യൂരിറ്റി ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ആയതു നിർദിഷ്ട സമയങ്ങളിൽ വീണ്ടും സെക്യൂരിറ്റി ആഡിറ്റിന് വിധേയമാക്കി കാലാകാലങ്ങളിൽ പുതുതായി വരുന്ന സൈബർ ഭോജനുകളെ നേരിടാൻ പര്യാപ്തമാക്കാറുണ്ട്. CERT (Computer Emergency Response Team) എന്ന സർക്കാർ സംവിധാനം ഏതെങ്കിലും സൈബർ ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുകയും ഉടൻ തന്നെ നടപടിയെടുക്കുകയും ചെയ്യാറുണ്ട്. നിലവിലുള്ള സുരക്ഷാ സംവിധാനങ്ങളെല്ലാം പരമാവധി ഏർപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ കൂടുതൽ |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങൾ വരുന്ന മുറക്ക് അത് കൂടി ഏർപ്പെടുത്തി സുരക്ഷ വർദ്ധിപ്പിക്കുന്നതാണ്. |
| (എഫ്) | ലക്ഷക്കണക്കിന് യുവജനങ്ങളുടെ ആശാകേന്ദ്രമായ പി.എസ്.സി.യുടെ സെർവറിലെ ഡാറ്റയുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ? | (എഫ്) | കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഡേറ്റ സെന്ററിൽ പി.എസ്.സി യുടെ സെർവറിൽ ഡേറ്റ സുരക്ഷിതമാണ്. സെർവറിലേക്കുള്ള അക്സസ്സ് പാസ്സ്‌വേർഡ്, ഐ പി സെക്യൂരിറ്റി തുടങ്ങിയവയിൽ അധിഷ്ഠിതമായി നിയന്ത്രിച്ചിട്ടുണ്ട്. പ്രൊഫൈൽ വഴി ഉദ്യോഗാർത്ഥി ലോഗിൻ ചെയ്യുമ്പോൾ ഇരട്ട സുരക്ഷ മാർഗം (2 Factor Authentication) സ്വീകരിച്ചിട്ടുണ്ട്. One Time Password (OTP) സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ സൈബർ സെക്യൂരിറ്റിയുടെ ചുമതലയുള്ള Standardization Testing and Quality Certification (STQC) വഴി സോഫ്റ്റ് വെയറുകൾ സെക്യൂരിറ്റി ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ആയതു നിർദിഷ്ട സമയങ്ങളിൽ വീണ്ടും സെക്യൂരിറ്റി ആഡിറ്റിന് വിധേയമാക്കി കാലാകാലങ്ങളിൽ പുതുതായി വരുന്ന സൈബർ ഭോജനുകളെ നേരിടാൻ പര്യാപ്തമാക്കാറുണ്ട്. CERT (Computer Emergency Response Team) എന്ന സർക്കാർ സംവിധാനം ഏതെങ്കിലും സൈബർ ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുകയും ഉടൻ തന്നെ നടപടിയെടുക്കുകയും ചെയ്യാറുണ്ട്. നിലവിലുള്ള സുരക്ഷാ സംവിധാനങ്ങളെല്ലാം പരമാവധി ഏർപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ കൂടുതൽ സംവിധാനങ്ങൾ വരുന്ന മുറക്ക് അത് കൂടി ഏർപ്പെടുത്തി സുരക്ഷ വർദ്ധിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ